**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** | **01-09-2022 - ൽ മറുപടിയ്ക്ക്**

**എയിംസ് നേടിയെടുക്കാൻ നടത്തുന്ന ശ്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എയിംസ് നേടിയെടുക്കാൻ നടത്തുന്ന ശ്രമങ്ങൾ വിശദമാക്കാമോ; | (എ) | കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കേരള സർക്കാർ കേന്ദ്രസർക്കാരിന്മേൽ ശക്തമായ സമ്മർദ്ദം ചെലുത്തി വരുന്നു.ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതഗതിയിൽ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC)ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും, കൂടാതെ സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഉൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 40.6802 ഹെക്ടർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഏറ്റെടുക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും, പ്രസ്തുത സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി റവന്യൂ വകുപ്പിനേയും, ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനേയും GO(Rt)No:2523/2021/H&FWD dated:17/11/2021 പ്രകാരം ചുമതലപ്പെടുത്തുകയു ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വികരിക്കുന്നതിനായി കൊയിലാണ്ടി ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാരെ ചുമതലപ്പെടുത്തുകയും, ഭൂമി ഏറ്റെടുക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ സ്വീകരിച്ചുവരുകയും ചെയ്യുന്നു. GO(MS)No:772/2022/ID dated:26/07/2022 പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC)ഉടമസ്ഥതയിലുള്ള 151.58 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വകയിരുത്തുന്നതിനായി 4210-03-105-13 (PV) എന്ന ശീർഷകം GO(Rt)No:1414/2022/H&FWD dated: 17/06/2022 പ്രകാരം അനുവദിക്കുകയും പ്രാഥമിക ചെലവുകൾക്കായി 92,62,000/-രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 50 ലക്ഷം രൂപ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കുവേണ്ടി ഭൂമി എറ്റെടുക്കുന്ന സ്ഥലങ്ങളിൽ നടത്തുന്ന സാമൂഹ്യാഘാത പഠനം പുരോഗമിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്തെ ജില്ലാ ജനറൽ ആശുപത്രികളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന വികസന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ദ്വിതീയ തലത്തിൽത്തന്നെ വിദഗ്ധ ചികിത്സ ലഭ്യമാകുന്ന തരത്തിൽ താലൂക്ക് ആശുപത്രികളിൽ പി.ജി. ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; | (ബി) | ഉണ്ട് .<br><br>മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സ്റ്റാന്റഡൈസേഷൻ മാർഗരേഖ പ്രകാരമാണ്.ജില്ലാ തലത്തിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിലും സർക്കാർ തലത്തിലും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പുരോഗതികൾ വിലയിരുത്തുകയും വേണ്ട നിർദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു.കൂടാതെ കിഫ്ബി അധികൃതരുമായും ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികളുമായും യഥാസമയം യോഗം ചേരുകയും വേണ്ട നിർദേശങ്ങൾ നൽകി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ആശുപത്രികളിൽ പി.ജി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടില്ല . |
| (സി) | 2011-16 കാലത്തെ സർക്കാർ അടിസ്ഥാന സൗകര്യം ഒരുക്കാത്തതിനാൽ അംഗീകാരം നഷ്ടപ്പെട്ട ഇടുക്കി മെഡിക്കൽ കോളേജിന് വേണ്ടി കഴിഞ്ഞ സർക്കാരും ഈ സർക്കാരും കാര്യക്ഷമമായി ഇടപെട്ട് സൗകര്യങ്ങൾ ഒരുക്കിയതു വഴി വിദ്യാർത്ഥി പ്രവേശനത്തിനായുള്ള നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം നേടാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 2022-23 അക്കാഡമിക് വർഷത്തിൽ 100 എം.ബി.ബി.എസ് സീറ്റിനുള്ള അഡ്മിഷന് വേണ്ടിയുള്ള അനുമതി ദേശീയ മെഡിക്കൽ കമ്മീഷനിൽ നിന്നും ലഭ്യമായിട്ടുണ്ട്. അക്കാഡമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചു. ഹോസ്പിറ്റൽ ബ്ലോക്ക്-1 പൂർത്തീകരിച്ചു. ഒ.പി, ലാബ് എന്നിവ പ്രവർത്തിച്ചുവരുന്നു. ബ്ലോക്ക് -2 നിർമ്മാണം നടന്നുവരുന്നു. റസിഡൻഷ്യൽ ഫെസിലിറ്റീസ്, സിവിൽ വർക്ക് പൂർത്തീകരിച്ചു. 100 |

| | | | |
|---|---|---|---|
| | | | കുട്ടികളുടെ അഡ്മിഷനായുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ